**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - ഏറ്റുമാനൂർ നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സിന്ധു പി.എ. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.267/2021 നമ്പർ കേസിലെ 03.02.2021 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധ)നം. 1827/2021/തസ്വഭവ തീയതി,തിരുവനന്തപുരം, 23.09.2021

പരാമർശം :

1. ഏറ്റുമാനൂർ നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സിന്ധു പി.എ. സമർപ്പിച്ച 28.12.2020 തീയതിലെ നിവേദനം.(അനക്ഷർ എ 7)
2. ശ്രീമതി.സിന്ധു പി.എ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.267/2021 നമ്പർ കേസിലെ 03.02.2021 തീയതിയിലെ ഉത്തരവ്
3. നഗരകാര്യഡയറക്ടറുടെ 01.09.2021 തീയതിയിലെ ഇ 6-8726/2021 നമ്പർ കത്ത്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ ഏറ്റുമാനൂർ നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സിന്ധു പി.എ. സർക്കാരിൽ സമർപ്പിച്ച പരാമർശം 1 അപേക്ഷ (അനക്ഷർ എ 7) പ്രകാരം, 03.02.2003 ൽ എൽ.ഡി.ക്ലർക്കായി സേവനത്തിൽ പ്രവേശിച്ച് 03.02.2005 ൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുകയും 06/2005 ൽ ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ളതുമായ തന്നെ നഗരകാര്യഡയറക്ടർ പുറപ്പെടുവിച്ച സീനിയർക്ലർക്കുമാരുടെ സീനിയോരിറ്റി ലിസ്റ്റിൽ ക്രമനമ്പർ 387 ആയാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും യഥാർത്ഥത്തിൽ തന്റെ സ്ഥാനം 355 നും 356 നും ഇടയിലാണ് വരേണ്ടത് എന്നും അറിയിക്കുന്നു. സീനിയോരിറ്റി ലിസ്റ്റിൽ ക്രമനമ്പർ 356, 358, 360, 362, 364, 366 എന്നിവയിൽ ഉൾപ്പെട്ടവർ തനിക്ക് ശേഷം പ്രൊബേഷൻ ഡിക്ലയർ ചെയ്തവരോ ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ളവരോ ആയിരുന്നുവെങ്കിലും ചട്ടവിരുദ്ധമായി സീനിയോരിറ്റി ലിസ്റ്റിൽ തനിക്ക് മുന്നേ ഉൾപ്പെടുത്തിയിട്ടുള്ളതായി ആരോപിക്കുന്നു. കൂടാതെ ക്രമനമ്പർ 358, 362, 366 എന്നിവയിൽ ഉൾപ്പെട്ടവർക്ക് തനിക്ക് ശേഷമാണ് സീനിയർ ക്ലർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളതും. ടിയാളുകൾക്ക് 28.10.2020 മുതൽ സൂപ്രണ്ട് തസ്തികയിൽ നഗരകാര്യഡയറക്ടറുടെ ഉത്തരവ് പ്രകാരം ഉദ്യോഗക്കയറ്റം നൽകിയിട്ടുള്ളതാണെന്നും പ്രസ്തുത ഉത്തരവ് പരിഷ്കരിച്ച് തനിക്ക് 28.10.2020 മുതൽ സൂപ്രണ്ട് തസ്തികയിൽ ഉദ്യോഗക്കയറ്റം നൽകുന്നതിന് നിർദ്ദേശം നൽകി ഉത്തരവാകണമെന്നും അപേക്ഷിച്ചിരുന്നു. ഇതേ ആവശ്യവുമായി ശ്രീമതി.സിന്ധു പി.എ. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ.267/2021 നമ്പർ കേസിലെ 03.02.2021 തീയതിയിലെ പരാമർശം 2 ഉത്തരവ് പ്രകാരം ടിയാൾ

സർക്കാരിൽ സമർപ്പിച്ചിട്ടുള്ള അനക്ഷർ എ 7 അപേക്ഷ പരിശോധിച്ച് 3 മാസത്തിനുള്ളിൽ ഉത്തരവാകണമെന്ന് നിർദ്ദേശിച്ചിരുന്നു.

2. ശ്രീമതി.സിന്ധു പി.എ.-യുടെ അപേക്ഷയിൽ നഗരകാര്യഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം, ഏറ്റുമാനൂർ നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സിന്ധു പി.എ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 17.12.2002 ലെ RE III (3) 760/97/387 നമ്പർ നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ 03.02.2003 ന് എൽ.ഡി ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളതാണ് എന്നും ടിയാരി 17.12.2002 ലെ നിയമന ശുപാർശയിൽ ക്രമ നം.366 ആയി ഉൾപ്പെട്ടിട്ടുള്ളതും 06/2005 ന് ഡിപ്പാർട്ട്മെന്റ് ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ളതുമാണ്. ടി തീയതിയിലെ നിയമന ശുപാർശയിൽ ക്രമ നം.105, 124, 142, 156, 206, 246, 272, 275, 318 ആയി ഉൾപ്പെട്ടിട്ടുള്ളതും 06/2005 ന് ടെസ്റ്റ് യോഗ്യത നേടിയിട്ടുള്ളതുമായ ടിയാരിയുടെ സീനിയറായ ജീവനക്കാരായ ശ്രീ.ദിലേഷ് പി.പൊന്നമ്പി, ശ്രീ.ജോയ് ജോർജ്ജ്, ശ്രീ.പി.ഡി.രാമചന്ദ്രൻ, ശ്രീമതി.ആർ.രേഖ, ശ്രീ.ഒ.ഹംസ, ശ്രീ.കെ.കെ.ഷാജി, ശ്രീ.സി.വി.ജയകുമാർ, ശ്രീ.വിനോദ്കുമാർ എസ്, ശ്രീ.പി.എം.സുനിൽ എന്നീ ജീവനക്കാർക്ക് 04.10.2006 ലെ ഉത്തരവ് പ്രകാരമാണ് എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ നിന്നും സീനിയർ ക്ലർക്ക് തസ്തികയിലേയ്ക്ക് ഉദ്യോഗക്കയറ്റം അനുവദിച്ചിട്ടുള്ളത്. എന്നാൽ ടിയാരിയുടെ സീനിയോരിറ്റി പരിഗണിക്കാതെയാണ് 12.01.2006 ൽ സീനിയർ ക്ലർക്കായി ഉദ്യോഗക്കയറ്റം അനുവദിച്ചിരുന്നത്. 23.09.2016 ലെ ജി.ഒ (ആർ.റ്റി) നം.2719/16/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം സീനിയോരിറ്റി പുനർ നിർണ്ണയിച്ചപ്പോൾ ശ്രീമതി.സിന്ധു പി.എ.യ്ക്കും ടി സീനിയോരിറ്റി ലിസ്റ്റിൽ ടിയാളുടെ സീനിയറായ ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം ലഭിച്ച തീയതി കണക്കാക്കിയാണ് ടിയാരിയുടെ ഉദ്യോഗക്കയറ്റ തീയതി 12.01.2006 ൽ നിന്നും 04.10.2006 ആയി പുനർ നിർണ്ണയിച്ച് സീനിയോരിറ്റി ക്രമ നം.387 ആയി പുനഃക്രമീകരിച്ചിട്ടുള്ളത്.

3. ശ്രീമതി.സിന്ധു പി.എ. സമർപ്പിച്ച അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള ക്രമ നം.356, 358, 360, 362, 364, 366 എന്നിവയിൽ ഉൾപ്പെട്ട ജീവനക്കാർ എല്ലാം തന്നെ ടിയാരിയെക്കാൾ സീനിയറായ ജീവനക്കാരും ടി ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച തീയതിയിൽ ടിയാളുകൾ ഉദ്യോഗക്കയറ്റത്തിന് ആവശ്യമായ യോഗ്യതകൾ നേടിയിട്ടുള്ളതുമാണ് എന്നും നഗരകാര്യഡയറക്ടർ അറിയിക്കുന്നു. ആയത് സംബന്ധിച്ച പട്ടിക ചുവടെ ചേർക്കുന്നു.

| നിലവിലെ ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നം. | പേര് | സേവനത്തിൽ പ്രവേശിച്ച തീയതി | ടെസ്റ്റ് യോഗ്യതകൾ നേടിയ തീയതി | പ്രൊബേഷൻ പൂർത്തിയാക്കിയ തീയതി | സീനിയർ ക്ലർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം ലഭിച്ച തീയതി | സീനിയർ ക്ലർക്ക് തസ്തികയിൽ ഉദ്യോഗക്കയറ്റം പുനർ നിർണ്ണയിച്ച തീയതി |
|---|---|---|---|---|---|---|
| 356 | പ്രശാന്ത് പി | 20/10/2000 | 06/2005 | 30/06/2005 | 29/07/2006 | 12/01/2006 |
| 358 | ജോർജ്ജി എം അലക്സ് | 22/02/1995 | 01/2006 | 30/06/2000 | 29/07/2006 | 29/07/2006 |
| 360 | പി.റ്റി.ഷാജൻ | 20/12/1996 | 01/2006 | 31/01/2006 | 04/10/2006 | 29/07/2006 |
| 362 | വി.അനിൽ | 16/02/2001 | 01/2006 | 01/07/2003 | 04/10/2006 | 29/07/2006 |
| 364 | ബാബുരാജൻ ആർ | 04/04/2002 | 01/2006 | 18/01/2006 | 04/10/2006 | 29/07/2006 |
| 366 | ബിന്ദു എം.സി. | 05/09/2002 | 06/2005 | 31/01/2006 | 29/07/2006 | 29/07/2006 |

4. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ, ശ്രീമതി.സിന്ധു പി.എ. സമർപ്പിച്ച അപേക്ഷയിൽ പരാമർശിച്ചിട്ടുള്ള ക്രമ നം.356, 358, 360, 362, 364, 366 എന്നിവയിൽ ഉൾപ്പെട്ട ജീവനക്കാർ എല്ലാം തന്നെ ടിയാരിയെക്കാൾ സീനിയറായ ജീവനക്കാരും ടി ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം അനുവദിച്ച തീയതിയിൽ ടിയാളുകൾ ഉദ്യോഗക്കയറ്റത്തിന് ആവശ്യമായ യോഗ്യതകൾ നേടിയിട്ടുള്ളതുമാണ് എന്ന് കാണുന്നു. ആയതിനാൽ ടിയാരിയുടെ വാദങ്ങൾ പരിഗണനാർഹമല്ലാത്തതാണ്.

5. മേൽ സാഹചര്യത്തിൽ ഏറ്റുമാനൂർ നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സിന്ധു പി.എ. സർക്കാരിൽ സമർപ്പിച്ച അപേക്ഷയിലെ വാദങ്ങൾ നിലനിൽക്കുന്നതല്ലായെന്നതിനാൽ പ്രസ്തുത അപേക്ഷ നിരസിച്ച് ഉത്തരവാകുന്നു.

6. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.267/2021 നമ്പർ കേസിലെ 03.02.2021 തീയതിയിലെ അന്തിമവിധിന്യായം ഇപ്രകാരം നടപ്പിലാക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**രമണി മാത്യൂ**

അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

അഡ്വക്കേറ്റ് ജനറൽ, കേരളം, തിരുവനന്തപുരം ( ആമുഖ കത്ത് സഹിതം)

ശ്രീമതി.സിന്ധു പി.എ.,റവന്യൂ ഇൻസ്പെക്ടർ, ഏറ്റുമാനൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ